ND.C.31/16,dt.30.08.16

30.08.2016

# നെടുമങ്ങാട് ബൈബിൾ കൺവെൻഷൻ 2016

വന്ദ്യ വൈദീകരേ, സിസ്റ്റേഴ്സ്, പ്രിയ സഹോദരങ്ങളേ,

നെയ്യാറ്റിൻകര രൂപത നടത്തുന്ന 7-ാമത്തെ ബൈബിൾ കൺവെൻഷൻ 2016 സെപ്റ്റംബർ 21 മുതൽ സെപ്റ്റംബർ 25 വരെ നെടുമങ്ങാട് നവജ്യോതി ആനിമേഷൻ സെന്റർ ഗ്രൗ ിൽ നടക്കുകയാണ്. അട്ടപ്പാടി സെഹിയോൻ ധ്യാനകേന്ദ്രത്തിന്റെ നേതൃത്വത്തിൽ നടക്കുന്ന ഈ ബൈബിൾ കൺവെൻഷൻ ഏറെ പ്രാധാന്യം അർഹിക്കുന്നു. ദൈവവചനം ശ്രവിച്ച് മാനസാന്തരത്തിന്റെയും ഹൃദയസമാധാനത്തിന്റെയും അനുഗ്രഹം പ്രാപിക്കുവാൻ ഏവരെയും സ്വാഗതം ചെയ്യുന്നു.

ഒരു വ്യക്തിയുടെ ഉള്ളം വെളിപ്പെടുത്തുന്നതാണ് ആ വ്യക്തിയുടെ വചനങ്ങൾ. ദൈവത്തിന്റെ ഉള്ള് വെളിപ്പെടുത്തുന്നത് ദൈവത്തിന്റെ വചനങ്ങളിലൂടെയാണ്. ദൈവത്തിന്റെ വചനത്തിലൂടെ ദൈവത്തിന് നമ്മോടുള്ള സ്നേഹം വെളിപ്പെട്ടിരിക്കുന്നു. ദൈവവചനം മനുഷ്യനെ വിശുദ്ധീകരിക്കുന്നതിനു വേ ിയുള്ളതാണ്."ഞാൻ പരിശുദ്ധനായിരിക്കുന്നതുപോലെ നിങ്ങളും പരിശുദ്ധരായിരിക്കുവിൻ' എന്ന ദൈവവചനം പരിശുദ്ധിയിലേയ്ക്കു നമ്മെ ക്ഷണിക്കുകയാണ്. ദൈവം മാത്രമാണ് പരമ പരിശുദ്ധൻ. ദൈവത്തിൽ നിന്നും പുറപ്പെടുന്നതെന്തും പരിശുദ്ധവുമാണ്. അതുകൊ ് യേശു പറഞ്ഞു "ഞാൻ നിങ്ങളോടു പറഞ്ഞ വചനം നിമിത്തം നിങ്ങൾ ശുദ്ധിയുള്ളവരായിരിക്കുന്നു" (യോഹ. 15:3). അതിനാൽ വിശുദ്ധീകരിക്കപ്പെടണമെങ്കിൽ വചനം സ്വീകരിക്കണം. വചന സ്വീകരണം നമ്മുടെ വിശ്വാസം വർദ്ധിപ്പിക്കുന്നതിനു സഹായിക്കുന്നു. വിശ്വാസം വർദ്ധിക്കുന്നതനുസരിച്ച് ഒരു വ്യക്തി യേശുവിൽ രൂപാന്തരം പ്രാപിക്കുന്നു.

"ആകയാൽ വിശ്വാസം കേൾവിയിൽ നിന്നും കേൾവി ക്രിസ്തുവിനെക്കുറിച്ചുള്ള പ്രസംഗത്തിൽ നിന്നുമാണ്"(റോമ. 10:17). "വിശ്വാസം വർദ്ധിക്കുന്നതിന് യേശു പ്രസംഗിക്കപ്പെടണം, പ്രസംഗിക്കുന്നത് കേൾക്കണം, കേൾക്കുന്നത് വിശ്വസിക്കണം, വിശ്വസിച്ച് വിളിച്ചപേക്ഷിക്കണം, വിളിച്ചപേക്ഷിക്കുമ്പോൾ രക്ഷ പ്രാപിക്കും" (റോമ. 10:13,14). ദൈവത്തിന്റെ വചനം നമ്മെ നിരാശയിൽ നിന്നും ആകുലതകളിൽ നിന്നും ഭയത്തിൽ നിന്നും രോഗത്തിൽ നിന്നും മോചിപ്പിച്ച് പ്രത്യാശയിൽ വളരുവാൻ നമ്മെ സഹായിക്കുന്നു. ദൈവവചനം ആത്മാവിന്റെ ആഹാരമാണ്. ശരീരത്തിന്റെ പോഷണത്തിന് നാം ആഹാരം കഴിക്കുന്നതുപോലെ ആത്മാവിന്റെ ആഹാരമാകുന്ന ദൈവവചനം നാം ദിവസവും വായിക്കണം. "അങ്ങയുടെ വചനത്തെപ്പറ്റി ധ്യാനിക്കുവാൻ വേ ി രാത്രിയുടെ യാമങ്ങളിൽ ഉണർന്നിരിക്കുന്നു" (സങ്കീ. 119:148) എന്ന സങ്കീർത്തകന്റെ അനുഭവം നമുക്ക് മാതൃകയാണ്. അതുകൊ ് ദൈവവചനം ശ്രവിക്കുകയും ധ്യാനിക്കുകയും അതനുസരിച്ച് ജീവിക്കുവാൻ പരിശ്രമിക്കുകയും ചെയ്യാം.

ആകയാൽ പ്രിയ സഹോദരരേ, നമ്മുടെ രൂപതയുടെ 7-ാമത് ബൈബിൾ കൺവെൻഷനിൽ പങ്കെടുക്കുവാനും ദൈവാനുഗ്രഹം നേടുവാനും എല്ലാ വൈദീകരെയും സന്യസ്തരെയും രൂപതാ മക്കളെയും ഞാൻ ആഹ്വാനം ചെയ്യുന്നു. ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

സ്നേഹാശംസകളോടെ

നെയ്യാറ്റിൻകര
30.08.2016

റൈറ്റ് റവ. ഡോ. വിൻസെന്റ് സാമുവൽ
നെയ്യാറ്റിൻകര രൂപത മെത്രാൻ

N.B. വൈദീകർ ഈ സർക്കുലർ 2016 ആഗസ്റ്റ് മാസം 21 ഞായറാഴ്ച നമ്മുടെ രൂപതയിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി സമയത്ത് വായിച്ച് വിശദീകരിക്കുക.